"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി കവിത ആർ. (എച്ച്.എസ്.റ്റി.) തിരുവനന്തപുരം ഇടവ MRMKMM ഹയർ സെക്കന്ററി സ്കൂളിൽ അനദ്ധ്യാപക തസ്തികയിൽ ജോലി ചെയ്തിരുന്നപ്പോൾ ഉണ്ടായ സർവ്വീസ് ബ്രേക്ക് ഒഴിവാക്കുന്നത് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3832/2026/GEDN  തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:- 1. ശ്രീമതി കവിത ആർ. ന്റെ 03.02.2025 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.02.2025 തീയതിയിലെ DGE/3856/2025-ET5 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം ഇടവ MRMKMM ഹയർ സെക്കന്ററി സ്കൂളിൽ അനദ്ധ്യാപക തസ്തികയിൽ ജോലി ചെയ്തിരുന്നപ്പോൾ ഉണ്ടായ സർവ്വീസ് ബ്രേക്ക് ഒഴിവാക്കുന്നത് സംബന്ധിച്ച് ശ്രീമതി കവിത ആർ. പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം 05.03.2025 ൽ നേരിൽ കേട്ടു.

3. ഹർജ്ജിക്കാരിയായ ശ്രീമതി കവിത ആർ. ചുവടെ ചേർക്കും പ്രകാരം വാദഗതികൾ സമർപ്പിച്ചിരുന്നു. 02-06-2008 മുതൽ ശ്രീമതി ഷൈല കെ.എ. യെ എച്ച്.എസ്. റ്റി. ആയി നിയമിച്ച ഒഴിവിൽ ഫുൾ ടൈം മീനിയൽ ആയി ടിയാളെ ഇടവ എം.ആർ.എം.കെ.എം.എം. ഹയർ സെക്കണ്ടറി സ്കൂളിൽ നിയമിക്കുകയും ആയത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ആഫീസർ അംഗീകരിക്കുകയുമുണ്ടായി. ഇപ്രകാരം തുടരവെ 01-06-2009 മുതൽ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീ കെ. ബിന്നിയെ എച്ച്.എസ്.എ ആയി സ്ഥാനകയറ്റം നല്കിയ ഒഴിവുണ്ടായി. 01-06-2009 ൽ ഉണ്ടായ ശ്രീ ബിന്നിയുടെ സ്ഥാനകയറ്റ ഒഴിവിൽ പുനർ നിയമനം നല്കുവാൻ ചട്ടം 51 എ അവകാശികളോ, ചട്ടം 51ബി അവകാശികളോ ഇല്ലാത്തതിനാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIVA ചട്ടം 1 ന്റെ അടിയിൽ ഉള്ള നോട്ട് 1 അനുസരിച്ച് യു.പി.എസ്.റ്റി ആയി നിയമിക്കുവാൻ പൂർണ്ണ യോഗ്യതയുണ്ടായിരുന്നതിനാൽ ടിയാളെ സ്ഥാനകയറ്റം നല്കി യു.പി.എസ്.റ്റി ആയി മാനേജർ നിയമിച്ചെങ്കിലും ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിക്കുകയുണ്ടായി

1. There is management dispute and a case No. WP© No. 13459 of 2007 on

management dispute is pending before the High Court of Kerala.

2. Sri. G Suresh, L.G. Hindi Teacher stand retrenched from service for want of pupil strength as per staff fixation order for 2009-10.

ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീലുകളും സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയും നിരസിക്കപ്പെട്ടു. ഇടവ എം.ആർ.എം.കെ.എം.എം. ഹയർ സെക്കണ്ടറി സ്കൂളിൽ 2009-10 വർഷം നടത്തിയ തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു ഡിവിഷൻ കുറഞ്ഞതിനാൽ നിലവിലുണ്ടായിരുന്ന എൽ.ജി. ഹിന്ദി തസ്തിക നഷ്ടപ്പെട്ടു. അതിനാൽ 01-06-1999 മുതൽ എൽ.ജി. ഹിന്ദി ആയി റഗുലർ സർവ്വീലുണ്ടായിരുന്ന ശ്രീ ജി. സുരേഷിന് തസ്തിക നഷ്ടപ്പെട്ട് 15-07-2009 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും പുറത്തായി. യു.പി.എസ്.റ്റി.യുടെ റഗുലർ സ്ഥാനകയറ്റ ഒഴിവ് ഉണ്ടാകുന്നത് 01-06-2009 മുതലാണ്. 01-06-2009 ൽ ശ്രീ ജി. സുരേഷ് പുറത്തായിരുന്നില്ല. അതിനാലാണ് ശ്രീമതി കവിതയെ സ്ഥാനകയറ്റം നല്കി യു.പി.എസ്.റ്റി. ആയി നിയമിച്ചത്. എങ്കിലും പുറത്തായ എൽ.ജി. ഹിന്ദി അദ്ധ്യാപകനായ ശ്രീ ജി. സുരേഷ് യു.പി.എസ്.റ്റി. നിയമനത്തിനും യോഗ്യതയുണ്ടായിരുന്നതിനാൽ 01-06-2009 മുതൽ ശ്രീമതി കവിതയെ സ്ഥാനകയറ്റം നല്കി നിയമിച്ച ഒഴിവിൽ ശ്രീ സുരേഷിന് നിയമിക്കണം എന്ന തീരുമാനം ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷനിൽ നിന്നും സർക്കാരിൽ നിന്നും ഉണ്ടായി.

പരാതിക്കാരിയെ സ്ഥാനകയറ്റം നല്കി യു.പി.എസ്.റ്റി ആയി നിയമിച്ചതിനുശേഷമാണ് 02-06-2008 മുതൽ എഫ്.റ്റി. മീനിയൽ ആയി റഗുലർ നിയമനാംഗീകാരം ലഭിക്കുന്നത്. ആയതിനാൽ പരാതികാരിക്ക് 02-06-2008 മുതൽ 31-05-2009 വരെ മാത്രമേ ശമ്പളം ലഭിച്ചിട്ടുള്ളു. 01-06-2009 യു.പി.എസ്.റ്റി ആയി നിയമനാംഗീകാരം ലഭിക്കാത്തതിനാലും യു.പി.എസ്.റ്റി. നിയമനം നടത്തിയ സമയത്ത് എഫ്.റ്റി.എം. ആയി നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും ലോവർ സ്കയിൽ സാലറി ലഭിച്ചില്ല. യു.പി.എസ്.റ്റി കാറ്റഗറിയിൽ നിയമനാംഗീകാരം ലഭിക്കാതെയും ലോവർ കാറ്റഗറിയിൽ ശമ്പളം ലഭിക്കാത്തതിനാലും യു.പി.എസ്.റ്റി ആയി തുടർന്നു വരവെ 01-06-2011 മുതൽ വീണ്ടും എഫ്.റ്റി.മീനിയൽ ആയി നിയമിച്ചു. പ്രസ്തുത നിയമനം ജില്ല വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു. തുടർന്ന് 03-06-2013 മുതൽ ശ്രീമതി കവിതയെ എച്ച്.എസ്.റ്റി (മലയാളം) ആയി സ്ഥാനകയറ്റം നല്കി നിയമനം അംഗീകരിച്ച് സർവ്വീസിൽ തുടർന്നു വരുന്നു. ശ്രീമതി കവിതയെ എഫ്.റ്റി.എം. തസ്തികയിൽ നിന്നും സ്ഥാനകയറ്റം നല്കി യു.പി.എസ്.റ്റി ആയി നിയമനം നടത്തിയതിനെ തുടർന്ന് 01-06-2009 മുതൽ 31-05-2011 വരെ ലോവർ കാറ്റഗറിയായ എഫ്.റ്റി.എം. തസ്തികയിലും ശമ്പളം ലഭിച്ചിട്ടില്ല. 01-06-2009 മുതൽ 31-05-2011 വരെ എഫ്.റ്റി.എം തസ്തികയിൽ മറ്റാരെയും നിയമിച്ച് അംഗീകാരവും നല്കിയിട്ടില്ല ആയതിനാൽ എഫ്.റ്റി.എം ൽ നിന്നും സ്ഥാനകയറ്റം നല്കി യു.പി.എസ്.റ്റി. ആയി സേവനം അനുഷ്ഠിച്ച ഹാജർ മാർക്ക് ചെയ്തിട്ടുള്ള 01-06-2009 മുതൽ 31-05-2011 വരെയുള്ള കാലഘട്ടത്തെ ശ്രീമതി കവിതയുടെ സർവ്വീസ് ബ്രേക്ക് ഒഴിവാക്കുവാൻ എഫ്.റ്റി.എം കാറ്റഗറിയിൽ 01-06-2009 മുതൽ 31-05-2011 വരെ ലാവണം ക്രമീകരിച്ച് നിലനിർത്താൻ മാനേജർക്കും അപ്രകാരം ലാവണ ക്രമീകരണം നടത്തി ഉത്തരവ് ഹാജരാക്കിയാൽ മറ്റ് തരത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാൻ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ആഫീസർക്കും നിർദേശം നൽകണമെന്നതാണ് പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം.

4. ശ്രീ സുരേഷ് ജി. (HSA Mathematics-Rtd.) ചുവടെ ചേർക്കും പ്രകാരം വാദഗതികൾ സമർ പ്പിച്ചിരുന്നു. ടി സ്കൂളിൽ 01/06/1999 മുതൽ LG Hindi അധ്യാപകനായി അംഗീകാരത്തോടെ തുടർന്ന് വരവേ 2009-10 വർഷം പ്രസ്തുത തസ്തിക നഷ്ടപ്പെട്ടതിനാൽ ടി സ്കൂളിൽ ഉണ്ടായ U.P.S.A ഒഴിവിൽ ഗണിതത്തിലെ ബിരുദവും BEd യോഗ്യതയും വച്ച് 01.06.2009 മുതൽ ശ്രീ ബിന്നി എച്ച്.എസ്.എ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ മാനേജർ ടിയാനെ നിയമിക്കേണ്ടതായിരുന്നു. എന്നാൽ 51A അവകാശി എന്ന നിലയിൽ നിയമിക്കാതെ ശ്രീമതി കവിതയെ F.T.M തസ്തികയിൽ നിന്ന് UPSA ആയി പുതുതായി നിയമിച്ചു. ഇതിനെതിരെ പൊതു വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്ന് ഉത്തരവ് ലഭിച്ചെങ്കിലും മാനേജർ ടിയാനെ നിയമിക്കാതെ കവിതയെ നിയമിക്കുകയാണ് ചെയ്തത്. മാനേജരുടെ ഈ നടപടിക്കെതിരെ സർക്കാരിനെ സമീപിക്കുകയും GO.(RT) No.2051/11/പൊതുവിദ്യാഭ്യാസ വകുപ്പ് പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ശരി വച്ചെങ്കിലും മാനേജർ ടിയാന് UPSA തസ്തികയിൽ പുനർ നിയമനം നൽകിയില്ല. പിന്നീട് 01.06.2011 മുതൽ LG Hindi ആയും പിന്നീട് HSA ഗണിതമായും സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിക്കുകയാണ് ചെയ്തത്. 31/05/2018 ൽ സേവനത്തിൽ നിന്നും വിരമിച്ചു. 15/06/2009 മുതൽ 31/05/2011 വരെയുള്ള കാലയളവ് ക്രമീകരിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തരേണ്ടതായിരുന്നു. എന്നാൽ ഇതുവരെ ലഭ്യമായിട്ടില്ല. 15/06/2009 മുതൽ 31/05/2011 വരെയുള്ള കാലയളവ് ക്രമീകരിച്ച് ശമ്പളവും എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന അപേക്ഷ നൽകിയിരുന്നു. 14/12/2009 ന് ശേഷം ജോലിയിൽ ഹാജരായിട്ടില്ല എന്ന കാരണം കാണിച്ചു കൊണ്ട് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് വസ്തുതകൾക്ക് വിരുദ്ധമാണ്. 15/12/2009 മുതൽ 31/05/2011 വരെ Non duty ആയി പരിഗണിക്കണമെന്ന ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കണ്ടെത്തൽ 15/12/2009 -ൽ ഹാജർ ബുക്കിൽ ഹാജർ രേഖപ്പെടുത്തുകയും രേഖപ്പെടുത്തിയ ഹാജർ ടിയാന്റെ സാന്നിദ്ധ്യത്തിൽ ചുരണ്ടുകയും അതിന് ശേഷമുള്ള ദിവസങ്ങളിൽ തുടർച്ചയായി സ്കൂളിൽ ഹാജരായെങ്കിലും ഹാജർ ബുക്കിൽ ഹാജർ രേഖപ്പെടുത്താനും ക്ലാസിൽ പോകാനോ അനുമതി നൽകിയിരുന്നുമില്ല. തന്റേതല്ലാത്ത കാരണത്താലാണ് (ഹാജർ രേഖപ്പെടുത്താതിരുന്നതും ക്ലാസിൽ പോകാതിരുന്നതും) സംഭവിച്ചതെന്നും Attingal DEO പരിഗണിച്ചില്ല.

ശ്രീ കെ. ബിന്നിയെ 01/06/2009 മുതൽ HSA ആയി പ്രമോട്ട് ചെയ്തത് വഴി ഉണ്ടായ ഒഴിവിൽ 01/06/2009 മുതൽ ടിയാന് UPSA ആയി നിയമാനാംഗീകാരം നൽകുവാൻ DEOക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ടി കാലയളവ് Non duty ആയി പരിഗണിക്കണമെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയതിന് ശേഷം മാത്രമേ ശ്രീമതി കവിതയുടെ അപേക്ഷ പരിഗണിക്കാവൂ എന്നതാണ് ശ്രീ സുരേഷിന്റെ ആവശ്യം.

5. ടി വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അദ്ധ്യാപക തസ്തികയിലെ ക്രമീകരണം സംബന്ധിച്ച ആക്ഷേപമാണ് ശ്രീ സുരേഷിനുള്ളത്. ശ്രീമതി കവിതയെ നിയമിച്ച യു.പി.എസ്.ടി തസ്തികയിൽ പിന്നീട് 51 A claimant ആയ, തസ്തിക നഷ്ടപ്പെട്ട ശ്രീ സുരേഷിനെ നിയമിക്കുകയും ശ്രീ സുരേഷിന്റെ

15/06/2009 മുതൽ 14/12/2009 വരെയുള്ള കാലയളവിന് അംഗീകാരം നല്കുന്നതിനും ടിയാൻ ജോലിക്ക് ഹാജരാകാതിരുന്ന 15/12/2009 മുതൽ 31/05/2011 വരെയുള്ള കാലയളവ് 20/06/2022-ലെ സ.ഉ(അച്ചടി) നം. 07/2022/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28-04-2024-ലെ ഇ.ടി5/14314/2022/ഡി.ജി.ഇ നം ഉത്തരവ് പ്രകാരം നോൺ ഡ്യൂട്ടി ആയി ക്രമീകരിക്കാനും നിർദ്ദേശം നൽകിയതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

01-6-2009 മുതൽ 31-5-2011 വരെയുള്ള കാലയളവിൽ ശ്രീമതി കവിത എഫ്.ടി.എം തസ്തികയിൽ ജോലി നോക്കിയിട്ടില്ല. ടി കാലയളവിൽ യു.പി.എസ്.ടി തസ്തികയിൽ ആണ് ജോലി നോക്കിയിരുന്നത്. എന്നിരുന്നാലും ടി സ്കൂളിൽ പ്രസ്തുത കാലയളവിൽ എഫ്.ടി.എം തസ്തികയിൽ ആർക്കും നിയമന അംഗീകാരം ലഭിച്ചിട്ടില്ല എന്നതിനാലും സർവ്വീസ് ബ്രേക്ക് ഒഴിവാക്കുന്നതിനായി ശ്രീമതി കവിതയുടെ അപേക്ഷ പരിഗണനാർഹമാണ് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 01-06-2009 മുതൽ 31-05-2011 വരെ ശ്രീമതി കവിത യു.പി.എസ്.റ്റി ആയി ജോലി ചെയ്തത് പരിഗണിച്ചും, ഇക്കാലയളവിൽ എഫ് ടി എം തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നുവെന്നത് പരിഗണിച്ചും, എഫ് ടി എം തസ്തികയിൽ ഇക്കാലയളവിൽ ആർക്കും ശമ്പളം നൽകിയിട്ടില്ലെന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, ശ്രീമതി കവിതയുടെ ലാവണം ക്രമീകരിച്ച് നിലനിർത്താൻ മാനേജർക്കും അപ്രകാരം ലാവണക്രമീകരണം നടത്തി ഉത്തരവ് ഹാജരാക്കിയാൽ മറ്റ് തരത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാൻ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ആഫീസർക്കും നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ആർ., എച്ച്.എസ്.റ്റി., എം.ആർ.എം.കെ.എം.എം. ഹയർ സെക്കണ്ടറി സ്കൂൾ, ഇടവ, തിരുവനന്തപുരം.
മാനേജർ, എം.ആർ.എം.കെ.എം.എം. ഹയർ സെക്കണ്ടറി സ്കൂൾ, ഇടവ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/40/2025-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Sobha D
Date: 10-06-2026 14:10:26

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.